# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1361 — 20/01/14-ൽ മറുപടിക്ക്

## മാവേലി സ്റ്റോറുകളുടെയും ലാഭം മാർക്കറ്റുകളുടെയും പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) & ബി) | ഇല്ല. എന്നാൽ ചില മാവേലി സ്റ്റോറുകളിൽ സ്ഥല പരിമിതി മൂലവും ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗികമായ കാര്യങ്ങൾ കൊണ്ടും അപൂർവ്വം ചില അവസരങ്ങളിൽ അവശ്യ സാധനങ്ങൾ എല്ലാം കൂടുതലായി സംഭരിച്ച് വെയ്ക്കുവാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാവാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>i. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ സ്റ്റോർ ചെയ്യുന്നതിന് 500 ച.അടി യെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങൾ കണ്ടെത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ii. സ്ഥല സൗകര്യം കുറഞ്ഞ സ്റ്റോറുകളിലേക്ക് കുറഞ്ഞ അളവിൽ കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ച് കൊടുക്കുന്നു.<br>iii. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യ സാധനങ്ങൾ പെട്ടെന്ന് |
| ബി) | എങ്കിൽ ഇത് പരിഹരി ക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| | | | സ്റ്റോറുകളിൽ എത്തിച്ച് കൊടുക്കുന്നു. സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഡിപ്പോ മാനേജർമാർക്കും നൽകിയിട്ടുണ്ട്. |
| സി) | കായംകുളം മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; | സി) | ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കുമോ; | ഡി) | ബാധകമല്ല. |
| ഇ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കായംകുളം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ? | ഇ) | ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |

Beena

**സെക്ഷൻ ഓഫീസർ**